ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി

152 (3106) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ; അവ ഏതെല്ലാം ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കി നിലവിലുള്ള ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറ് ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്.

(ബി) 2 തസ്തികകൾ

സിവിൽ സർജൻ - 1

അസിസ്റ്റന്റ് സർജൻ - 1

(സി) അസിസ്റ്റന്റ് സർജന്റെ നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. സിവിൽ സർജൻ തസ്തിക പ്രൊമോഷൻ മുഖേനയാണ് നികത്തുന്നത്. ഇങ്ങനെ നികത്തുന്നതിനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലായിരുന്നു. ഇപ്പോൾ പുതിയ ലിസ്റ്റ് ഉണ്ട്.

(ഡി) അസിസ്റ്റന്റ് സർജന്റെ നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ദിവസ വേതന വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചുവരുന്നു. സിവിൽ സർജൻ തസ്തികയിലേക്കുള്ള പ്രൊമോഷൻ നടത്തി ഒഴിവുള്ള സിവിൽ സർജൻ തസ്തിക നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ

153 (3107) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മിക്ക പ്രൈമറി ഹെൽത്ത് സെന്ററുകളിലും മരുന്നിനും ശുചീകരണ പ്രവർത്തനങ്ങൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും ആവശ്യമായ സ്റ്റാഫ് ലഭ്യമല്ലാത്തതുമൂലം നേരിടുന്ന വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly